File Ref.No.11516/EG-I-ASST-1/2015/PB (PART-II)

**UNIVERSITY OF CALICUT**


**Abstract**

പരീക്ഷ ഭവൻ - രജിസ്റ്റേഡ് പോസ്റ്റ്, രജിസ്റ്റേഡ് പാർസൽ സേവനങ്ങൾ സ്പീഡ് പോസ്റ്റ് സേവനവുമായി തപാൽ വകുപ്പ് ലയിപ്പിച്ചതു മൂലം പരീക്ഷാഭവനിൽ നിലവിൽ ഈടാക്കി വരുന്ന തപാൽ ചെലവിന്റെ നിരക്ക് ₹50/-ൽ നിന്ന് ₹60/- ആയി പുതുക്കി നിശ്ചയിച്ച് കൊണ്ട് പരിഷകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.


---

**EG-I**

U.O.No. 1040/2026/PB Dated, Calicut University.P.O, 30.04.2026

---

*Read:*-1) 14.10.2019 ലെ 1191/2019/PB നമ്പർ സർവകലാശാല ഉത്തരവ്.

2) 29.05.2025 ലെ 1342/2025/PB നമ്പർ സർവകലാശാല ഉത്തരവ്.

3) 20.06.2025 ലെ 1537/2025/PB നമ്പർ സർവകലാശാല ഉത്തരവ്.

4) കാലിക്കറ്റ് യൂണിവേഴ്സിറ്റി സബ് പോസ്റ്റ് മാസ്റ്ററിൽ നിന്നുള്ള 08.10.2025 തീയതിയായ ഇമെയിൽ അറിയിപ്പ്.

5) 31.10.2025 ലെ 230987/PLD-DES-SO/2025/Admn നമ്പർ സർക്കുലർ.

6) ബഹു. വൈസ് ചാൻസലറുടെ ഇതേ ഫയലിലെ 20.04.2026 തീയതിയിലെ ഉത്തരവ്.

**ORDER**

പരീക്ഷ സംബന്ധമായ ഫീസുകൾ, ചാർജ്ജുകൾ തുടങ്ങിയവ ഓരോ അധ്യയന വർഷവും 5% വർധിപ്പിച്ച് പരിഷ്കരിച്ച് പ്രാബല്യത്തിൽ വരുത്തുന്നതിനനുസൃതമായി പരീക്ഷാഭവൻ നടത്തുന്ന പരീക്ഷകൾക്കും മറ്റു വിവിധ സേവനങ്ങൾക്കും ഉള്ള ആശയവിനിമയങ്ങൾക്കുള്ള തപാൽ ചാർജ് കാലാകാലങ്ങളിൽ പരിഷ്കരിക്കേണ്ടതില്ല എന്ന് സൂചന (1) സർവകലാശാല ഉത്തരവ് പ്രകാരം തീരുമാനിച്ചിട്ടുണ്ട്. നിലവിൽ പരീക്ഷാഭവനിൽ നിന്നുള്ള തപാൽ ചെലവിന്റെ നിരക്ക് സൂചന (2) & (3) പ്രകാരം ₹50/- ആയി ആണ് നിജപ്പെടുത്തിയിരിക്കുന്നത്.

തപാൽ വകുപ്പ് നൽകിയിരുന്ന രജിസ്റ്റേഡ് പോസ്റ്റ്, രജിസ്റ്റേഡ് പാർസൽ സർവീസ് എന്നീ സേവനങ്ങൾ സ്പീഡ് പോസ്റ്റ് സർവീസുമായി ലയിപ്പിച്ച് നിലവിൽ നൽകിയിരുന്ന രജിസ്റ്റേഡ് പോസ്റ്റ് സേവനം നിർത്തലാക്കിയതായും ഈ സാഹചര്യത്തിൽ വിലാസങ്ങളിലേക്ക് പ്രത്യേക ഡെലിവറി ആവശ്യമുള്ള ഉപഭോക്താക്കൾക്ക് സ്പീഡ് പോസ്റ്റിന് കീഴിലുള്ള മൂല്യവർദ്ധിത സേവനമായി രജിസ്ട്രേഷൻ സൗകര്യം തുടർന്ന് പ്രയോജനപ്പെടുത്താം എന്ന് സൂചന (4) പ്രകാരം തപാൽ വകുപ്പ് അറിയിച്ചിരുന്നു.

തപാൽ വകുപ്പിൽ നിന്നുള്ള മേൽ അറിയിപ്പിന്റെ അടിസ്ഥാനത്തിൽ അത്യാവശ്യ ഘട്ടങ്ങളിൽ മാത്രമായി സ്പീഡ് പോസ്റ്റ് സേവനം പരിമിതപ്പെടുത്തുവാനും സാധാരണ തപാൽ സംവിധാനങ്ങൾ പരമാവധി ഉപയോഗപ്പെടുത്തുകയും ചെയ്യണമെന്ന് സൂചന (5) പ്രകാരം നിർദേശിച്ചിട്ടുണ്ട്.

മേൽ വിശദാംശങ്ങൾ സമൂലമായി പരിശോധിച്ച് രജിസ്റ്റേഡ് പോസ്റ്റ്, രജിസ്റ്റേഡ് പാർസൽ സേവനങ്ങൾ സ്പീഡ് പോസ്റ്റ് സേവനവുമായി തപാൽ വകുപ്പ് ലയിപ്പിച്ചതുമൂലം പരീക്ഷാഭവനിൽ നിലവിൽ ഈടാക്കി വരുന്ന തപാൽ ചെലവിന്റെ നിരക്ക് ₹50/-ൽ നിന്ന് ₹60/- ആയി പുതുക്കി നിശ്ചയിക്കാൻ ബഹു: വൈസ് ചാൻസലർ സൂചന (6) പ്രകാരം അനുമതി നൽകിയിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

Suraj Kumar P.M

Deputy Registrar

To

1. അഫിലിയേറ്റഡ് കോളേജ് പ്രിൻസിപ്പൽമാർ
2. സർവ്വകലാശാല പഠന വകുപ്പ് മേധാവികൾ
3. സർവ്വകലാശാല സെന്റർ കോർഡിനേറ്റർമാർ
4. പരീക്ഷാ ഭവൻ ബ്രാഞ്ച് മേധാവികൾ

പകർപ്പ്:

വൈസ് ചാൻസലറുടെ പി.എസ് / രജിസ്ട്രാറുടെ പി.എ / പരീക്ഷാ കൺട്രോളറുടെ പി.എ / പരീക്ഷാ കൺട്രോളറുടെ ഓഫീസ് / പി.ആർ.ഒ / സി.യു.സി.സി / ഡെപ്യൂട്ടി രജിസ്ട്രാർ, ജി & എ / എസ്.എസ്.ഇ / സുവേഗ-ഡി.എസ്.എസ്.സി / എസ്.എസ്.എച്ച്

Forwarded / By Order

Section Officer